# കാറും ബൈക്കും കൂട്ടിയിടിച്ചു പതിനെട്ടുകാരൻ മരിച്ചു



അംജിത്ത്

**കൂത്താട്ടുകുളം:** എംസി റോഡിൽ ആറൂർ പെട്രോൾപമ്പിനു സമീപം കാറും ബൈക്കും കൂട്ടിയിടിച്ചു ബൈക്ക് യാത്രക്കാരനായ പതിനെട്ടുകാരൻ മരിച്ചു. കാർ യാത്രക്കാരിക്കു ഗുരുതര പരിക്കേറ്റു. വടക്കൻ പാലക്കുഴ കാമട്ടത്ത് മോഹനൻ-ഗിരിജ ദമ്പതികളുടെ മകൻ അംജിത്ത് ആണു മരിച്ചത്. കാർ യാത്രക്കാരിയായ മാറാടി മാവുങ്കൽ ഷിബി ഷിബുവിനെ (36) തെള്ളകത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തിങ്കളാഴ്ച രാത്രി പത്തോടെയായിരുന്നു അപകടം. മൂവാറ്റുപുഴയിൽ നിന്നു കൂത്താട്ടുകുളം ഭാഗത്തേക്കു പോകുകയായിരുന്നു അംജിത്ത്. കാറിടിച്ചു റോഡിൽ തെറിച്ചു വീണ അംജിത്തിനെ ഉടൻതന്നെ മൂവാറ്റുപുഴയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. അലുമിനിയം ഫാബ്രിക്കേഷൻ ജോലിക്കാരനാണ്. സംസ്കാരം നടത്തി. ഒരു സഹോദരനുണ്ട്.

# കെഎസ്‌യു സത്യഗ്രഹത്തിനിടെ പോലീസുമായി വാക്കേറ്റം

**പ്രവർത്തകരെ അറസ്റ്റുചെയ്തു നീക്കി**

**കൊച്ചി:** അഭിമന്യു കൊലക്കേസിലെ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കെഎസ് യു മഹാരാജാസ് കോളജ് കവാടത്തിൽ നടത്തിയ ഏകദിന സത്യഗ്രഹ പരിപാടിക്കിടെ സംഘർഷം. അഭിമന്യു രക്തസാക്ഷിത്വദിനം പ്രമാണിച്ച് എസ്എഫ്ഐയുടെ നേതൃത്വത്തിൽ കോളജിൽ പരിപാടികൾ സംഘടിപ്പിച്ചിട്ടുള്ളതിനാൽ പ്രവേശന കവാടത്തിൽനിന്നു കെഎസ് യു പ്രവർത്തകരോട് മാറണമെന്നു പോലീസ് ആവശ്യപ്പെട്ടതോടെ പോലീസുമായി വാക്കേറ്റമുണ്ടായി. തുടർന്നു പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തു നീക്ക്.

അഭിമന്യുവിന്റെ കൊലയ്ക്കു പിന്നിലെ മുഴുവൻ പ്രതികളെയും പിടികൂടണമെന്നാവശ്യപ്പെട്ട് കെഎസ് യു മഹാരാജാസ് യൂണിറ്റ് പ്രസിഡന്റ് പ്രിയയുടെ നേതൃത്വത്തിലായിരുന്നു പ്രവർത്തകർ ഏകദിന സത്യഗ്രഹം നടത്തിയത്. കോളജ് സെൻട്രൽ സർക്കിളിൽനിന്നു പ്രകടനമായി എത്തിയായിരുന്നു സത്യഗ്രഹം.

കെഎസ് യു ജില്ലാ പ്രസിഡന്റ് അലോഷ്യസ് സേവ്യർ, മുൻ ജില്ലാ പ്രസിഡന്റ് ടിറ്റോ ആന്റണി, കെ. സേതുരാജ്, സംസ്ഥാന സെക്രട്ടറിമാരായ എ.എ. അജ്മൽ, പി.എച്ച്. അസ് ലം തുടങ്ങിയവർ പങ്കെടുത്തു.



അഭിമന്യുവിന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ചു കേസിലെ മുഴുവൻ പ്രതികളെയും പിടികൂടണമെന്നാവശ്യപ്പെട്ട് കെഎസ് യുവിന്റെ നേതൃത്വത്തിൽ മഹാരാജാസ് കോളജ് കവാടത്തിനു മുന്നിൽ നടന്ന ഏകദിന സത്യഗ്രഹ സമരത്തിൽനിന്ന്.

**പ്രവാസി ആത്മഹത്യ, ഉരുട്ടിക്കൊല**

# കോൺഗ്രസ് പ്രതിഷേധ കൂട്ടായ്മ അഞ്ചിന്

**കൊച്ചി:** പ്രവാസി വ്യവസായി ആത്മഹത്യ ചെയ്ത സംഭവത്തിൽ ആന്തൂർ മുൻസിപ്പൽ ചെയർപേഴ്സൺ ശ്യാമളക്കെതിരേ ആത്മഹത്യാപ്രേരണാ കുറ്റം ചുമത്തണമെന്നും ഇടുക്കി ഉരുട്ടിക്കൊല ക്കേസിൽ ജുഡീഷൽ അന്വേഷണം വേണമെന്നും ആവശ്യപ്പെട്ടു ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ അഞ്ചിനു രാവിലെ 10 ന് മേനക ജംഗ്ഷനിൽ ജനകീയ പ്രതിഷേധക്കൂട്ടായ്മ നടത്തും.

ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനെതിരേ യുഡിഎഫിന്റെ ആഭിമുഖ്യത്തിൽ 15ന് പഞ്ചായത്ത് കേന്ദ്രങ്ങളിൽ പ്രതിഷേധ ധർണ സംഘടിപ്പിക്കും. വോട്ടർ പട്ടികയിൽനിന്ന് അകാരണമായി വോട്ടുകൾ നീക്കം ചെയ്തതിനെതിരേ കെപിസിസി നിയോഗിച്ച കെ.സി. ജോസഫ് എംഎൽഎയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി 11നു ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ തെളിവെടുപ്പ് നടത്തും. രാവിലെ 11ന് ആരംഭിക്കുന്ന തെളിവെടുപ്പിൽ പൊതുജനങ്ങളിൽനിന്നും പാർട്ടി പ്രവർത്തകരിൽനിന്നും പരാതി സ്വീകരിക്കും.

ഡിസിസി നേതൃയോഗം മുൻ മന്ത്രി ഡൊമിനിക് പ്രസന്റേഷൻ ഉദ്ഘാടനം ചെയ്തു. ഡിസിസി പ്രസിഡന്റ് ടി.ജെ. വിനോദ് അധ്യക്ഷത വഹിച്ചു.

# ബാങ്കിംഗ് ഇതര സ്ഥാപനങ്ങളിൽ തൊഴിൽ വകുപ്പിന്റെ പരിശോധന

**പരിശോധനയും നടപടികളും വരുംദിവസങ്ങളിലും തുടരും**

**കൊച്ചി:** ബാങ്കിംഗ് ഇതര മേഖലയിലെ തൊഴിൽ ചൂഷണം വർധിക്കുന്നുവെന്ന പരാതിയെത്തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലയിലെ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ വ്യാപക ക്രമക്കേട് കണ്ടെത്തി. തൊഴിലാളികൾക്ക് മിനിമം വേതനവും, പുറമേ അധികസമയ ജോലിക്കുള്ള വേതനവും സ്ഥാപനങ്ങൾ നൽകുന്നില്ലെന്നു പരിശോധനയിൽ തെളിഞ്ഞതായി ജില്ലാ ലേബർ ഓഫീസർ വി.ബി. ബിജു പറഞ്ഞു.

ദേശിയ അവധിദിനങ്ങളിൽ തൊഴിലെടുപ്പിക്കുക, ബോണസ് തടഞ്ഞുവയ്ക്കുക തുടങ്ങിയ നിയമലംഘനങ്ങൾ കണ്ടെത്തിയതായും സ്ഥാപന ഉടമകൾക്ക് നിയമപ്രകാരമുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പരിശോധനയും നടപടികളും വരുംദിവസങ്ങളിലും തുടരും. കേരള ഷോപ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, മിനിമം വേതന നിയമം, നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ് നിയമം തുടങ്ങിയ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശോധന.

# സ്വർണക്കടത്തു കേസിൽ നാലു പ്രതികൾക്കു ജാമ്യം

**കൊച്ചി:** തിരുവനന്തപുരം വിമാനത്താവളം വഴി സ്വർണം കടത്തിയ കേസിലെ നാലു പ്രതികൾക്കു ഹൈക്കോടതി ഉപാധികളോടെ ജാമ്യം അനുവദിച്ചു. കേസിലെ ഒന്നാം പ്രതി സുനിൽ കുമാർ, രണ്ടാം പ്രതി സെറീന ഷാജി, നാലാം പ്രതി പി.കെ. റാഷിദ്, ഏഴാം പ്രതി അഡ്വ. എം. ബിജു എന്നിവർക്കാണു ജാമ്യം. 35, 000 രൂപയും തുല്യതുകയ്ക്കുള്ള രണ്ടാൾ ജാമ്യവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

രണ്ടു മാസത്തേക്കു പ്രതികൾ തിങ്കൾ, വെള്ളി ദിവസങ്ങളിലും ഇതിനുശേഷമുള്ള മൂന്നു മാസത്തേക്കു തിങ്കളാഴ്ചകളിലും രാവിലെ അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ ഹാജരാകണം. തിരുവനന്തപുരം ജില്ല വിട്ടു പോകരുത്. താമസസ്ഥലം കൃത്യമായി മജിസ്ട്രേട്ട്കോടതിയെ അറിയിക്കണം. തെളിവ് നശിപ്പിക്കുകയോ സാക്ഷികളെ സ്വാധീനിക്കുകയോ ചെയ്യരുത്. മറ്റു കുറ്റകൃത്യങ്ങളിൽ ഏർപ്പെടരുത് എന്നിവയാണു മറ്റുജാമ്യവ്യവസ്ഥകൾ. ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചാൽ നടപടി സ്വീകരിക്കാമെന്നും കോടതി വ്യക്തമാക്കി.

കള്ളക്കടത്തു സ്വർണം പിടികൂടുന്നതല്ലാതെ ഇതിനപ്പുറം പൊതുതാല്പര്യങ്ങൾ സംരക്ഷിക്കാൻ ഡിആർഐ അന്വേഷണ ഉദ്യോഗസ്ഥർ ഒന്നും ചെയ്യുന്നില്ലെന്നു ഹൈക്കോടതി വിമർശിച്ചു. തിരുവനന്തപുരം സ്വർണക്കടത്തു കേസിൽ ഒന്നാം പ്രതി സുനിൽ കുമാർ കാരിയറാണെന്നും അഡ്വ. ബിജു മുഖ്യ സൂത്രധാരനും ആണെന്നും പറയുന്നുണ്ട്. എന്നാൽ ഇതുസംബന്ധിച്ചു വ്യക്തമായ തെളിവുകൾ ഹാജരാക്കാനാവുന്നില്ല. സ്വർണം പിടികൂടിയശേഷം മതിയായ നിയമനടപടികൾ ഇവർ സ്വീകരിക്കുന്നില്ല. കൃത്യമായ തെളിവുകൾ ഇല്ലാതെ നടപടി സ്വീകരിക്കുന്നത് അംഗീകരിക്കാനാവില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി.

**അഭിമന്യു വധക്കേസ്**

# വിചാരണ വേഗം വേണമെന്നു പ്രോസിക്യൂഷൻ

**കൊച്ചി:** മഹാരാജാസ് കോളജിലെ എസ്എഫ്ഐ നേതാവായിരുന്ന അഭിമന്യുവിനെ കൊലപ്പെടുത്തിയ കേസിൽ വിചാരണ വേഗത്തിലാക്കണമെന്നു പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു. വിചാരണ നീളുന്നത് കേസിന്റെ നല്ല നടത്തിപ്പിനെ ബാധിക്കുമെന്നും പിടികിട്ടാപ്പുള്ളികളായ പ്രതികളെ തിരിച്ചറിയുന്നതിനു തടസമാകുമെന്നും സ്പെഷൽ പ്രോസിക്യൂട്ടർ ജി. മോഹൻരാജ് ചൂണ്ടിക്കാട്ടി. കുറ്റപത്രത്തിൻമേലുള്ള പ്രാരംഭ വാദം എറണാകുളം സെഷൻസ് കോടതി ഓഗസ്റ്റ് 21 ലേക്കു മാറ്റി.

അന്വേഷണ ഉദ്യോഗസ്ഥർ, സാക്ഷികൾ എന്നിവരുടെ ഫോൺ വിളികളുടെയും മൊബൈൽ ടവർ ലൊക്കേഷന്റെയും വിവരങ്ങൾ നൽകണമെന്ന പ്രതിഭാഗത്തിന്റെ ആവശ്യത്തെയും പ്രോസിക്യൂഷൻ എതിർത്തു. സാക്ഷികളുടെ സ്വകാര്യതയും സുരക്ഷയും മുൻനിർത്തി ഫോൺ വിളികളുടെ വിവരങ്ങൾ കൈമാറാനാകില്ല. സാക്ഷികളിൽ ചിലർക്കു വിദേശത്തുനിന്നുവരെ ഭീഷണിയുണ്ടായി. എന്നാൽ സംഭവദിവസം സാക്ഷികൾ എവിടെയായിരുന്നു എന്നറിയാൻ ലൊക്കേഷൻ വിവരങ്ങൾ നൽകുന്നതിൽ എതിർപ്പില്ലെന്നും പ്രോസിക്യൂഷൻ വ്യക്തമാക്കി.

അഭിമന്യുവിനെ കൊലപ്പെടുത്തിയ 2018 ജൂലൈ രണ്ടിനു മുമ്പുള്ള ഒരു മാസത്തെയും ശേഷമുള്ള ഒരുമാസത്തെയും ഫോൺ വിളികളുടെ വിവരങ്ങളാണു പ്രതിഭാഗം ആവശ്യപ്പെട്ടത്. വിചാരണ വേളയിൽ പ്രത്യേക വാദം കേട്ട ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നു ജഡ്ജ് കൗസർ എടപ്പഗത്ത് വ്യക്തമാക്കി. കേസ് ഡയറി, ലൊക്കേഷൻ വിവരങ്ങൾ എന്നിവ സൂക്ഷിക്കാനും കോടതി നിർദേശിച്ചു.



**കട്ടപ്പുറത്ത്...** കളക്ടറേറ്റ് വളപ്പിലെ പാഴ് വസ്തുക്കൾ മാറ്റുന്നതിന്റെ ഭാഗമായി ഉപയോഗശൂന്യമായ വാഹനങ്ങൾ ജില്ലാ കളക്ടർ എസ്. സുഹാസ് പരിശോധിക്കുന്നു.

# കളക്ടറേറ്റ് വളപ്പിലെ പാഴ് വസ്തുക്കൾ മാറ്റാൻ നിർദേശം

**കൊച്ചി:** കളക്ടറേറ്റ് വളപ്പിനുള്ളിൽ അങ്ങിങ്ങായി കിടക്കുന്ന പാഴ് വസ്തുക്കൾ മാറ്റാൻ പൊതുമരാമത്ത് വിഭാഗത്തോട് കളക്ടർ എസ്. സുഹാസ് ആവശ്യപ്പെട്ടു. ഉപയോഗശൂന്യമായി കാട് കയറിക്കിടക്കുന്ന വാഹനങ്ങളും മറ്റ് പാഴ് വസ്തുക്കളുമാണ് മാറ്റാൻ നിർദേശം നൽകിയത്. രണ്ടു മാസത്തിനുള്ളിൽ ലേലം ചെയ്തു നീക്കം ചെയ്യാനാണ് നിർദേശം. കളക്ടറേറ്റ് പരിസരത്ത് അപകടകരമായി നിൽക്കുന്ന വൈദ്യുത കമ്പികൾ നീക്കാനും പൊതുമരാമത്ത് വകുപ്പിന് കളക്ടർ നിർദേശം നൽകി.

# ഇടമലയാറിൽ വൈദ്യുതി ഉത്പാദനം കുറച്ചു

★ **കോതമംഗലം:** ഇടമലയാർ ഡാമിൽ ജലനിരപ്പ് കുറഞ്ഞതിനെത്തുടർന്നു വൈദ്യുതി ഉത്പാദനം കുറച്ചു. സംഭരണശേഷിയുടെ പതിനാലര ശതമാനം മാത്രമാണ് ഡാമിൽ വെള്ളം അവശേഷിക്കുന്നത്. കഴിഞ്ഞവർഷം ഇതേസമയത്ത് 75 ശതമാനത്തിലേറെ വെള്ളമുണ്ടായിരുന്നു. മഴ അകന്നുനിൽക്കുന്ന സാഹചര്യത്തിലാണ് വൈദ്യുതി ഉത്പാദനത്തിൽ കുറവ് വരുത്തിയത്.

മഴക്കാലം തുടങ്ങുന്നതിന് മുമ്പു പൂർണതോതിൽ ഉത്പാദനം നടത്തിയിരുന്നു. കാലവർഷത്തിൽ വെള്ളം സംഭരിക്കുകയായിരുന്നു ലക്ഷ്യം. മഴ കുറഞ്ഞതിനാൽ നിലവിൽ ഡാം വറ്റുന്ന സ്ഥിതിയാണുള്ളത്. മുമ്പൊരിക്കലുമില്ലാത്ത പ്രതിസന്ധിയിലേക്കാണ് ഇടമലയാർ ജലവൈദ്യുതി പദ്ധതി നീങ്ങുന്നത്.

**യുഡിഎഫ് കാലത്തെ**

# പാലങ്ങളെക്കുറിച്ചു അന്വേഷണം വേണം: കോടിയേരി

**കൊച്ചി:** യുഡിഎഫിന്റെ കാലത്തു നിർമിച്ച എല്ലാ പാലങ്ങളെക്കുറിച്ചും അന്വേഷണം വേണമെന്നു സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ. നിർമാണത്തിലെ ക്രമക്കേടുകളെത്തുടർന്ന് അടച്ചിട്ട് അറ്റകുറ്റപ്പണി നടത്തുന്ന പാലാരിവട്ടം മേൽപ്പാലം സന്ദർശിച്ച ശേഷം പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

യുഡിഎഫ് കാലത്തു നിർമിച്ച പല പാലങ്ങളുടെയും ബലക്ഷയം സംബന്ധിച്ച് ആക്ഷേപം ഉയർന്നിട്ടുണ്ട്. അവയെല്ലാം അന്വേഷണ വിധേയമാക്കണം. വിജിലൻസ് അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്കു പാലാരിവട്ടം മേൽപ്പാലം നിർമാണത്തിലെ അഴിമതി പുറത്തുവരും. അഴിമതിയുടെ ഒന്നാം ഉത്തരവാദി അന്നത്തെ പൊതുമരാമത്തു മന്ത്രി ഇബ്രാഹിം കുഞ്ഞാണ്. ഇബ്രാഹിംകുഞ്ഞിനെ പ്രതി ചേർത്ത് അന്വേഷണം നടത്തണം.

വികസനത്തിന്റെ പേരിൽ നടന്ന കുംഭകോണമാണു പാലാരിവട്ടം മേൽപാലം നിർമാണത്തിലെ അഴിമതി. ഇത്തരം സംഭവങ്ങൾ ഇനി ആവർത്തിക്കാതിരിക്കാനാണ് സർക്കാർ നിർമാണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സോഷ്യൽ ഓഡിറ്റ് നടത്താൻ തീരുമാനിച്ചതെന്നും കോടിയേരി പറഞ്ഞു. മന്ത്രി എം.എം. മണിയും പാലം സന്ദർശിച്ചു.




നിർമാണത്തിലെ ക്രമക്കേടുകളെത്തുടർന്ന് അടച്ചിട്ട് അറ്റകുറ്റപ്പണി നടത്തുന്ന പാലാരിവട്ടം മേൽപ്പാലം സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ സന്ദർശിക്കുന്നു.

# വീടുകയറി ആക്രമണം: നാലു പേർ കീഴടങ്ങി

**പറവൂർ:** വാവക്കാട് വീടുകയറി ആക്രമണം നടത്തിയ കേസിൽ പഞ്ചായത്തംഗം ഉൾപ്പെടെയുള്ള പ്രതികൾ കീഴടങ്ങി. വടക്കേക്കര പഞ്ചായത്ത് അഞ്ചാം വാർഡ് മെമ്പർ വി.ഡി. ദീപുലാൽ, സഹോദരൻ ബിജിലാൽ, രാകേഷ്, ഷമ്മി എന്നിവരാണ് കോടതിയിൽ കീഴടങ്ങിയത്. ഇവരെ റിമാൻഡ് ചെയ്തു. ബിജെപിയുടെ പഞ്ചായത്ത് അംഗമാണ് ദീപുലാൽ. കഴിഞ്ഞ 27ന് രാത്രിയിലായിരുന്നു സംഭവം. എട്ടരയോടെ വാവക്കാട് പൂവൻതറ ടി.ഡി. ഷിബുവിന്റെ വീട്ടിലെത്തിയ സംഘം ആക്രമണം നടത്തുകയായിരുന്നെന്നാണ് കേസ്.

# വടവെട്ടി, ഇടയാർ പാലങ്ങളിൽ അടിയന്തര പരിശോധന: മന്ത്രി

**തിരുവനന്തപുരം:** പിറവത്തെ വടവെട്ടി പാലം, ഇടയാർ പാലം എന്നിവ അപകടാവസ്ഥയിലാണോയെന്നത് അടിയന്തരമായി പരിശോധിക്കുമെന്നു മന്ത്രി ജി. സുധാകരൻ നിയമസഭയിൽ അറിയിച്ചു. അനൂപ് ജേക്കബിന്റെ സബ്മിഷനു മറുപടി നൽകുകയായിരുന്നു മന്ത്രി. പാലം പുതുക്കിപ്പണിയണമെന്ന ആവശ്യം ഉണ്ടെങ്കിലും ഫണ്ട് വളരെ കുറവാണെന്നും, എന്നാൽ അപകടാവസ്ഥ ബോധ്യപ്പെട്ടാൽ പുതുക്കിപ്പണിയുമെന്നും മന്ത്രി പറഞ്ഞു.

**ഫിർമയ്ക്കു പൂർണതോതിൽ ഉത്പാദനം ആരംഭിക്കാനായില്ല**

# പാലമറ്റത്തെ മത്സ്യവിത്ത് ഉത്പാദന കേന്ദ്രം ഫിഷറീസ് സൊസൈറ്റി ഏറ്റെടുക്കും

**കോതമംഗലം:** സംസ്ഥാന ഫിഷറീസ് വകുപ്പിനു കീഴിലുള്ള ഏജൻസിയായ ഫിർമയ്ക്ക് പൂർണതോതിൽ വിത്ത് ഉത്പാദനം ആരംഭിക്കാൻ കഴിയാത്തതിനാൽ പാലമറ്റത്തെ സർക്കാർ മത്സ്യവിത്ത് ഉത്പാദന കേന്ദ്രത്തിന്റെ നടത്തിപ്പ് ഫിർമയിയിൽനിന്നു സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി ഏറ്റെടുക്കുന്നു. പാലമറ്റത്ത് എട്ട് വർഷം മുമ്പാണ് ആറു കോടിയിലേറെ മുടക്കി മത്സ്യവിത്ത് ഉത്പാദന കേന്ദ്രം സ്ഥാപിച്ചത്.

ശുദ്ധജല മത്സ്യ ഉത്പാദനം വർധിപ്പിക്കുക, ആവശ്യമായ വിത്ത് സംസ്ഥാനത്തുനിന്നു തന്നെ ലഭ്യമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് പാലമറ്റത്ത് കേന്ദ്രം ആരംഭിച്ചത്. എന്നാൽ ലക്ഷ്യമിട്ടതിന്റെ വളരെ കുറച്ച് ശതമാനം മാത്രമാണ് മത്സ്യവിത്ത് ഉത്പാദനം നടക്കുന്നത്. ഈ സാഹചര്യത്തിലാണ് കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി ഏറ്റെടുക്കാൻ ഫിഷറീസ് വകുപ്പ് തീരുമാനിച്ചത്. ഇതുവഴി ഫണ്ട് ചെലവഴിക്കലും ആവശ്യമായ നിർമാണ പ്രവർത്തനവും വകുപ്പിനു നേരിട്ടു ചെയ്യാനാകും.

കുളം, പമ്പ് ഹൗസ്, ടാങ്ക് തുടങ്ങിയവയുടെ നിർമാണങ്ങൾ അനുബന്ധമായി പൂർത്തിയാക്കണം. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാകുന്നതോടെ ഇവയെല്ലാം വേഗത്തിലാക്കാമെന്നാണ് വിലയിരുത്തൽ. ഹാച്ചറിയിലും അനുബന്ധിച്ചുള്ള ജലാശയത്തിലും കൂട് മത്സ്യകൃഷി ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനവും ഫിഷറീസ് വകുപ്പ് നടത്തിയിട്ടുണ്ട്. കഴിഞ്ഞ ദിവസം വകുപ്പ് ഉദ്യോഗസ്ഥർ ഇവിടെയെത്തി സാധ്യതകൾ വിലയിരുത്തി.



കോതമംഗലം പാലമറ്റത്തെ സർക്കാർ മത്സ്യവിത്ത് ഉത്പാദന കേന്ദ്രം.

# നാഷണൽ ലോക് അദാലത്ത് 13ന്

**കൊച്ചി:** നാഷണൽ ലീഗൽ സർവീസസ് അഥോറിറ്റിയുടെയും കേരള സ്റ്റേറ്റ് ലീഗൽ സർവീസ് അഥോറിറ്റിയുടെയും നിർദേശാനുസരണം കണയന്നൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി 13ന് താലൂക്ക് ഓഫീസിൽ നാഷണൽ ലോക് അദാലത്ത് നടത്തുന്നു. കോടതികളിൽ നിലവിലുള്ള കേസുകൾ കൂടാതെ ജനങ്ങൾ നേരിട്ടു നൽകിയ പരാതികളും അദാലത്തിൽ പരിഗണിക്കും.

ബാങ്ക്, വൈദ്യുതി, റവന്യു, വെള്ളക്കരം, ടെലഫോൺ കമ്പനികൾ കിട്ടാനുള്ള കുടിശിക തുകകൾക്ക് റവന്യു റിക്കവറി പോലുള്ള നിയമനടപടികൾ തുടങ്ങും മുമ്പ് ഇളവുകളോടെ കുടിശിക തീർപ്പാക്കാനും കോടതികളിൽ നിലവിലിരിക്കുന്ന കേസുകൾ വാദികൾക്കും പ്രതികൾക്കും ഗുണകരമായ രീതിയിൽ ഒത്തുതീർപ്പാക്കാനും അദാലത്തിൽ അവസരമുണ്ടാകും. ഫോൺ: 0484-2346264.


B.Ed | LLB | B.Tech | MBA
REGULAR / PART TIME / DISTANCE
UGC / AIU / NCTE / BCI / AICTE
UPSC / KERALA PSC APPROVED
Degree / PG പരാജയപ്പെട്ടവർക്ക് യൂണിവേഴ്സിറ്റി ക്രെഡിറ്റ് ട്രാൻസ്ഫർ വഴി പൂർത്തിയാക്കാം



GLOBAL ACADEMY
Behind Metro Station (B), Kaloor Jn., Kochi
94001 66693, 94001 66709
info@globalacademy.org.in www.globalacademy.org.in
E1904-398923



FEDERAL BANK
YOUR PERFECT BANKING PARTNER

ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ് രജി.ഓഫീസ് : പി.ബി. നമ്പർ 103, ഫെഡറൽ ടവേഴ്സ്, ആലുവ
കേരള, ഇന്ത്യ - 683101, ഫോൺ : 0484-2622263, ഫാക്സ് : 0484 - 2623119
ഇ-മെയിൽ: secretarial@federalbank.co.in, വെബ് സൈറ്റ്: www.federalbank.co.in CIN: L65191KL1931PLC000368

**ഓഹരി ഉടമകൾക്കുള്ള നോട്ടീസ്**

**വാർഷിക പൊതുയോഗം ബുക്ക് ക്ലോഷർ, ഇലക്ട്രോണിക് വോട്ടിങ്ങ് എന്നിവ സംബന്ധിച്ചുള്ള നോട്ടീസ്**

ഫെഡറൽ ബാങ്കിന്റെ 88-ാമത് ഓഹരി ഉടമകളുടെ വാർഷിക പൊതുയോഗം (AGM) 25 ജൂലൈ 2019 വ്യാഴാഴ്ച രാവിലെ 10 മണിക്ക് ആലുവ മഹാത്മാഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽ വെച്ച് നടക്കുമെന്ന് ഇതിനാൽ അറിയിച്ചു കൊള്ളുന്നു. ജൂലൈ 1, 2019ന് ഓഹരി ഉടമകൾ ഓരോരുത്തർക്കും പ്രത്യേകം അയച്ച ഇ-മെയിലിലും, നോട്ടീസിലും, ബാങ്കിന്റെ വെബ്സൈറ്റായ www.federalbank.co.in-ലും എൻ.എസ്.ഡി.എൽ (NSDL) വെബ്സൈറ്റിലും (www.nsdl.co.in) ആയി പരാമർശിച്ചിട്ടുള്ള കാര്യപരിപാടികളുടെ നടത്തിപ്പിനായാണ് പൊതുയോഗം സംഘടിപ്പിച്ചിരിക്കുന്നത്.

ഡെപ്പോസിറ്ററിയിലോ ബാങ്കിന്റെ രജിസ്ട്രാറും ട്രാൻസ്ഫർ ഏജന്റുമായ M/s ഇന്റഗ്രേറ്റഡ് റജിസ്ട്രി മാനേജ്മെന്റ് സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡിലോ, ഇ-മെയിൽ വിലാസം രജിസ്റ്റർ ചെയ്തിട്ടുള്ള ഓഹരി ഉടമകൾക്ക്, വാർഷിക പൊതുയോഗത്തിന്റെ നോട്ടീസും വാർഷിക റിപ്പോർട്ടും ഹാജർ സ്ലിപ്പും ഇ-മെയിൽ വഴി അയച്ചിട്ടുണ്ട്. കൂടാതെ, ബാങ്കിന്റെ വെബ്സൈറ്റിലെ 'ഷെയർ ഹോൾഡേഴ്സ് ഇൻഫോർമേഷൻ സെക്ഷനിലും' ഈ വിവരങ്ങൾ ലഭ്യമാണ്. മറ്റുള്ള ഓഹരി ഉടമകൾക്ക് അനുവദനീയമായ സംവിധാനങ്ങൾ വഴി മേൽപറഞ്ഞ രേഖകളുടെ ഫിസിക്കൽ പകർപ്പുകൾ അയച്ചു കൊടുത്തിട്ടുണ്ട്. വാർഷിക പൊതുയോഗത്തിനായുള്ള നോട്ടീസ് മെമ്പർമാർക്ക് ജൂലൈ 1, 2019നോ അതിനു മുൻപോ അയച്ചു കൊടുത്തിട്ടുണ്ട്.

വാർഷിക പൊതുയോഗത്തിനും ലാഭവിഹിതം പ്രഖ്യാപിക്കുന്നതിനും വേണ്ടി കമ്പനി നിയമം 2013 സെക്ഷൻ 91 പ്രകാരവും സെബി (ലിസ്റ്റിങ്ങ് ഒബ്ലിഗേഷൻസ് ആന്റ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്) റഗുലേഷൻ 2015ലെ, റഗുലേഷൻ 42 പ്രകാരവും, ബാങ്കിന്റെ ഓഹരി ഉടമകളുടെ രജിസ്റ്ററും ഷെയർ ട്രാൻസ്ഫർ ബുക്കും 19 ജൂലൈ 2019 മുതൽ 25 ജൂലൈ 2019 വരെ ക്ലോസ് ചെയ്യുന്നതായിരിക്കും.

സെബി (ലിസ്റ്റിങ്ങ് ഒബ്ലിഗേഷൻസ് ആന്റ് ഡിസ്ക്ലോഷർ റിക്വയർമെന്റ്സ്)റഗുലേഷൻസ് 2015ലെ, റഗുലേഷൻ 44 പ്രകാരവും, കമ്പനി നിയമം 2013 സെക്ഷൻ 108 അതോടൊപ്പം ചേർത്ത് വായിക്കേണ്ട റൂൾ 20, കമ്പനീസ് (മാനേജ്മെന്റ് - അഡ്മിനിസ്ട്രേഷൻ) റൂൾസ് 2014നും ആസ്പദമായി വാർഷിക പൊതുയോഗത്തിലെ കാര്യപരിപാടി സംബന്ധമായ വിഷയങ്ങളുടെ നടത്തിപ്പിനായി, ബാങ്ക് NSDLന്റെ ഇ-വോട്ടിങ്ങ് പ്ലാറ്റ്ഫോമിലൂടെ ഇലക്ട്രോണിക് വോട്ടിങ്ങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 22 ജൂലൈ 2019 തിങ്കളാഴ്ച രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ഇ-വോട്ടിങ്ങ് മൊഡ്യൂളിന്റെ പ്രവർത്തനം 24 ജൂലൈ 2019 ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് അവസാനിക്കുന്നതാണ്. 24 ജൂലൈ 2019 ബുധനാഴ്ച 5 മണിക്ക് ശേഷം ഇ-വോട്ടിങ്ങ് സംവിധാനം ലഭ്യമാകുന്നതല്ല.

മെമ്പർമാരുടെ രജിസ്റ്ററിലോ ഡെപ്പോസിറ്ററികളുടെ കൈവശമുള്ള ബെനിഫിഷ്യൽ ഓണർമാരുടെ രജിസ്റ്ററിലോ, 18 ജൂലൈ 2019ന് പേര് രേഖപ്പെടുത്തിട്ടുള്ള ഓഹരി ഉടമകൾക്കു മാത്രമേ റിമോട്ട് ഇ-വോട്ടിങ്ങ് സംവിധാനം പ്രയോജനപ്പെടുത്തുവാനോ, AGMന്റെ വേദിയിൽ നേരിട്ട് ഹാജരായി ബാലറ്റ് പേപ്പർ വഴി മീറ്റിങ്ങിൽ വോട്ട് ചെയ്യുവാനോ അവകാശം ഉണ്ടായിരിക്കുകയുള്ളു. വാർഷിക പൊതുയോഗത്തിനായുള്ള നോട്ടീസ് അയച്ചതിനു ശേഷം ബാങ്കിന്റെ ഓഹരികൾ 18 ജൂലൈ 2019-നകം കൈവശമാക്കുന്ന അംഗങ്ങൾക്ക് ഇ-വോട്ടിങ്ങിനു വേണ്ടി evoting@nsdl.co.in/ secretarial@federalbank.co.in/ csdstd@integratedindia.in ലേക്ക് അപേക്ഷ അയച്ച് ലോഗിൻ ഐഡിയും പാസ്‌വേർഡും ലഭിക്കാവുന്നതാണ്. റിമോട്ട് ഇ-വോട്ടിങ്ങ് സംവിധാനം ഉപയോഗപ്പെടുത്തിയ ഓഹരി ഉടമകൾക്ക് പൊതു യോഗത്തിൽ പങ്കെടുക്കാമെങ്കിലും, മീറ്റിങ്ങിൽ വീണ്ടും വോട്ട് ചെയ്യാൻ അനുവദിക്കുന്നതല്ല.

റിമോട്ട് ഇ-വോട്ടിങ്ങ് മുഖേന വോട്ട് രേഖപ്പെടുത്തിയിട്ടില്ലാത്ത ഓഹരി ഉടമകൾക്ക് പൊതുയോഗത്തിൽ ബാലറ്റ് പേപ്പർ മുഖേന വോട്ട് രേഖപ്പെടുത്താവുന്നതാണ്. ഇ-വോട്ടിങ്ങ് സംബന്ധിച്ച നിർദ്ദേശങ്ങളെക്കുറിച്ച് കൂടുതൽ അറിയുവാൻ വാർഷിക പൊതുയോഗ നോട്ടീസിൽ ഇലക്ട്രോണിക് സാങ്കേതിക രീതികളിലൂടെയുള്ള വോട്ടിങ്ങിനെക്കുറിച്ച് പരാമർശിച്ചിട്ടുള്ള **നോട്ട് No.V** ഓഹരി ഉടമകൾക്ക് പരിശോധിക്കാവുന്നതാണ്. ഇലക്ട്രോണിക് സംവിധാനങ്ങളിലൂടെയുള്ള ഇ-വോട്ടിങ്ങ് സംബന്ധിച്ചുട്ടുള്ള സംശയങ്ങൾ/ വിവരങ്ങൾ/ പരാതികൾക്ക് ശ്രീ. കെ. ബാലസുബ്രമണ്യൻ, ഡെപ്യൂട്ടി ജനറൽ മാനേജർ, ഇന്റഗ്രേറ്റഡ് റജിസ്ട്രി മാനേജ്മെന്റ് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്, സെക്കന്റ് ഫ്ളോർ, കെൻസസ് ടവർ, നമ്പർ1, രാമകൃഷ്ണ സ്ട്രീറ്റ്, നോർത്ത് ഉസ്മാൻ റോഡ്, ടീ നഗർ, ചെന്നൈ - 600 017, ഫോൺ: 044-28140801, 28140802, ഇ-മെയിൽ csdstd@integratedindia.in-ലേക്ക് അയക്കുകയോ NSDLന്റെ ടോൾ ഫ്രീ നമ്പർ 1800-222-990ലേക്ക് വിളിക്കുകയോ ചെയ്യാവുന്നതാണ്. ഇ-വോട്ടിങ്ങും ബാലറ്റ് പേപ്പർ മുഖേനയും ചെയ്ത വോട്ടിങ്ങിന്റെ സംയോജിത ഫലം വാർഷിക പൊതുയോഗത്തിനു ശേഷമുള്ള സമയപരിധിക്കുള്ളിൽ ബാങ്ക് അതിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും, സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതുമായിരിക്കും.

ആലുവ
2 ജൂലൈ 2019

**ഗിരീഷ് കുമാർ ജി**
കമ്പനി സെക്രട്ടറി

E1907-403403